# സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC), കേരളം
# 99-ാം സമ്മേളനത്തിന്റെ യോഗനടപടിക്കുറിപ്പ്

**തീയ്യതി : 25.06.2009 (വ്യാഴാഴ്ച)**
**സ്ഥലം : ഹോട്ടൽ റസിഡൻസി ടവർ, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം**

കാനറാ ബാങ്ക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ.എ.സി. മഹാജന്റെ അദ്ധ്യക്ഷതയിൽ രാവിലെ 10.30ന് യോഗം ആരംഭിച്ചു. പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

എസ്.എൽ.ബി.സി. കൺവീനറും കാനറാ ബാങ്ക് ജനറൽ മാനേജറുമായ **ശ്രീ.കെ.എൻ. ആചാര്യ**, വേദിയിലും സദസ്സിലുമുള്ള പ്രമുഖ വ്യക്തികളേയും പങ്കെടുക്കുന്ന മറ്റുള്ളവരേയും എസ്.എൽ.ബി.സി. കേരളയുടെ 99-ാം യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

2009 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തുണ്ടായ സാമ്പത്തിക പുരോഗതിയിൽ ബാങ്കിന്റെ പങ്കിനെക്കുറിച്ച് എസ്.എൽ.ബി.സി. കേരളയുടെ 99-ാം സമ്മേളനം വിലയിരുത്തുമെന്ന് അദ്ദേഹം അറിയിച്ചു. ഗവൺമെന്റിന്റെ താല്പര്യത്തിനനുസൃതമായി ബാങ്കിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് എസ്.എൽ.ബി.സി. ഫോറം പ്രവർത്തിക്കുന്നു. ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ഈ ഫോറം സജീവമായി പങ്കെടുക്കുന്നുണ്ട്. ബാങ്കുകളും കേരള സംസ്ഥാന സർക്കാരും തമ്മിലുള്ള സൗഹൃദ ബന്ധം ഊഷ്മളമായി തുടരുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്. ഇത് സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് ഗുണകരവുമാണ്. കുടുംബശ്രീ, എൻ.ആർ.ഇ.ജി.എ. തുടങ്ങിയ ഗവൺമെന്റിന്റെ നിരവധി ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ ബാങ്കിംഗ് മേഖല കാര്യമായ സഹായം നൽകുന്നുണ്ട്.

ലോകം മുഴുവനും ഇപ്പോൾ കടുത്ത സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലാണെന്നും അതിന്റെ പ്രതിഫലനം നമ്മുടെ രാജ്യത്തും, പ്രത്യേകിച്ച് കേരളത്തിലും ഉണ്ട് എന്നും അദ്ദേഹം വിലയിരുത്തി. പ്രതീക്ഷിച്ചതിലുപരിയായി ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ ഇന്ത്യയിലുണ്ടായ പരിണതഫലങ്ങൾ പരിഹരിക്കാനും പണത്തിന്റെ ചലനാത്മകത (Liquidity) യുടെ അടിത്തറ ഉറപ്പു വരുത്താനും ബാങ്കിംഗ് മേഖലയെ സഹായിക്കാനുമായി റിസർവ്വ് ബാങ്ക് സ്വീകരിച്ച വിവിധ പ്രവർത്തന പരിപാടികളെക്കുറിച്ച് അദ്ദേഹം വിവരിച്ചു. റിസർവ്വ് ബാങ്ക് പലതവണ ബാങ്കുകളിലെ പലിശ നിരക്ക് കുറയ്ക്കുകയും മറ്റ് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. വാണിജ്യ ബാങ്കുകളുടെ നിക്ഷേപവും വായ്പാ നിരക്കും കുറച്ച് ഡിമാൻഡ് വർദ്ധിപ്പിക്കാനുള്ള ആർ.ബി.ഐ. യുടെ ആഹ്വാനമാണ് ഈയിടെ പലിശനിരക്കുകൾ കുറച്ച നടപടിയിലൂടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇത് തീർച്ചയായും ബാങ്കുകൾക്ക് സൗകര്യപ്രദമായ നിരക്കുകളിൽ കൂടുതൽ വായ്പ കൊടുക്കാനും സാമ്പത്തിക മേഖലയെ ഉയർത്താനും സഹായകമായിരിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

2009 ഏപ്രിൽ മുതൽ ഉപഭോക്താക്കൾക്ക് ഏതൊരു ബാങ്കിന്റേയും എ.റ്റി.എം സൗജന്യമായി ഉപയോഗിക്കാം എന്നു തുടങ്ങി സാമ്പത്തിക പ്രോത്സാഹന പായ്ക്കേജുകൾ സംബന്ധിച്ച് സുപ്രധാന പ്രഖ്യാപനങ്ങൾ സർക്കാരും ഇന്ത്യൻ

ബാങ്കേഴ്സ് അസോസിയേഷനും അടിക്കടി നടത്തിക്കൊണ്ടിരിക്കുകയാണ്. ആർ.ബി.ഐ. യുടെ വാർഷിക നയ പ്രഖ്യാപനമനുസരിച്ച് 2010 ഏപ്രിൽ മുതൽ ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ പലിശ കൊടുക്കുന്നത് പ്രതിദിന ഉല്പാദന നിരക്കിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇങ്ങനെയുള്ള നൈസർഗ്ഗികവും എന്നാൽ സുനിശ്ചിതവുമായ പ്രവർത്തനങ്ങളുടെ ഫലമായി 2009-2010 സാമ്പത്തിക വർഷം രാജ്യത്തെ ജി.ഡി.പി. വളർച്ചാനിരക്ക് 6% ആയും ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളുടെ വളർച്ചാനിരക്ക് 2% ആയും നിക്ഷേപ വളർച്ച 18% ആയും വർദ്ധിപ്പിക്കാൻ രാജ്യത്തിന് കഴിയും. സാമ്പത്തിക മാന്ദ്യത്തെ നേരിടുന്നതിനായി കേരള ഗവൺമെന്റ്, എം.എസ്.എം.ഇ. , കൃഷി, ഭവന നിർമ്മാണം, സ്വയം ഭരണ സ്ഥാപനങ്ങൾ എന്നീ വികസന മേഖലകളുടെ പുരോഗതിയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ ഗവൺമെന്റ് പ്രത്യേകമായി നീക്കിവച്ച ഫണ്ട്, സാമ്പത്തിക ബാദ്ധ്യത അനുഭവിക്കുന്ന ജനങ്ങൾക്ക് വളരെയധികം സഹായമാവുമെന്ന് കൺവീനർ അഭിപ്രായപ്പെട്ടു.

സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറാനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും ഗവൺമെന്റും സംയുക്തമായി നടത്തുന്ന എല്ലാ നടപടികളും എസ്.എൽ.ബി.സി. കേരളയുടെ നേതൃത്വത്തിലും ഏകോപനത്തിലും സംസ്ഥാനത്തെ ബാങ്കുകൾ നടപ്പിലാക്കുന്നതാണ്. കേരളത്തിലെ ബാങ്കുകളുടെ വിവിധ വികസന പരിപാടികളിൽ ആർ.ബി.ഐ., നബാർഡ്. ഗവൺമെന്റ് സ്ഥാപനങ്ങൾ, വികസന ഏജൻസികൾ എന്നിവയുടെ പങ്ക് ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു.

എസ്.എം. ഇ.യ്ക്കുവേണ്ടി ഗവൺമെന്റും ഇന്ത്യൻ ബാങ്ക് അസോസിയേഷനും നടപ്പിലാക്കിയ സാമ്പത്തിക മുന്നേറ്റത്തിനായുള്ള പ്രത്യേക പാക്കേജുകളുടെ തുടർ നടത്തിപ്പിനായി ധനകാര്യസ്ഥാപനങ്ങളുടേയും ധനകാര്യമന്ത്രാലയത്തിന്റേയും നേതൃത്വത്തിൽ പ്രതിമാസയോഗങ്ങൾ ചേരുന്നുണ്ട്. ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങളുടെ നേട്ടമായി എടുത്തുകാണിക്കേണ്ടത് ഭവന നിർമ്മാണം, സ്വയംഭരണ മേഖല എന്നിവയുടെ പ്രവർത്തനങ്ങളാണ്. ഇതു സംബന്ധിച്ച് യഥാസമയം ധനകാര്യ മന്ത്രാലയത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം എ.ബി.ഐ. യും സർക്കാരും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിനനുസൃതമായി കേരളത്തിലെ ബാങ്കുകൾ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട് എന്ന് തെളിയുന്നു.മേൽപ്പറഞ്ഞ പാക്കേജ് പ്രകാരം 2008 ഡിസംബർ മുതൽ 2009 മെയ് വരെയുള്ള കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ 28,548 ഭവന നിർമ്മാണ വായ്പകൾ പാസ്സാക്കിയിട്ടുണ്ട്. ഇതിൽ 17,332 വായ്പകൾ 5 ലക്ഷം രൂപ വരെയുള്ള ഭവന വായ്പകളാണ്. ഇതു പോലെ 6 മാസകാലയളവിൽ 17408 എം.എസ്.എം.ഇ. യൂണിറ്റുകളുടെ പ്രവർത്തന മൂലധനം അനുവദിച്ചു. ഇതിൽ 9655 പുതിയ യൂണിറ്റുകളും ഉൾപ്പെടുന്നു.

സാമ്പത്തിക മാന്ദ്യത്തെ തുടർന്നുണ്ടായ പ്രാരംഭദശയിലെ തളർച്ചയകറ്റി പുനരുജ്ജീവനമാർജ്ജിച്ച സ്വയം തൊഴിൽ മേഖലയിലെ 19475 ഉപഭോക്താക്കൾക്ക് സഹായം നൽകിക്കൊണ്ട് കേരളത്തിലെ ബാങ്കുകൾ കരുത്തേകി.കേരളത്തിലെ ബാങ്കുകളുടെ കടബാദ്ധ്യതകളുടേയും ധനകാര്യങ്ങളുടേയും ശാസ്ത്രീയമായ പഠനത്തിനും ബാങ്കുകളുടെ ഏകോപനത്തിനുമായി എസ്.എൽ.ബി.സി. കേരളയ്ക്കു മാത്രമായുള്ള ഒരു വെബ് സൈറ്റ് 2007 ൽ നിലവിൽ വന്നു. ഇന്ത്യൻ ബാങ്ക് അസോസിയേഷന്റെ നിർദ്ദേശപ്രകാരം എസ്.എൽ.ബി.സി. കേരള ബാങ്ക് വികസനത്തിനായി സ്മാർട്ട് കാർഡുകൾ കൊണ്ടുവന്നത് കമ്പ്യൂട്ടർവത്കൃത ബാങ്കിംഗ് സമ്പ്രദായത്തിന് വഴിതെളിച്ചു.എസ്.എൽ.ബി.സി.യുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾക്ക്

ആർ.ബി.ഐ. കേരള റീജിയണൽ ഓഫീസിന്റെ പിന്തുണയും സഹകരണവും വളരെയേറെ ലഭിച്ചിട്ടുണ്ടെന്ന് ശ്രീ.ആചാര്യ അറിയിച്ചു. എസ്.എൽ.ബി.സി. രൂപകല്പന ചെയ്ത പ്രകാരം മൂന്ന് ജില്ലകളായ കൊല്ലം, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ എൻ.ആർ.ഇ.ജി.എ. ഉപഭോക്താക്കളേയും സോഷ്യൽ സെക്യൂരിറ്റി പെൻഷനേഴ്സിനേയും ഉൾപ്പെടുത്തി ഒരു പൈലറ്റ് കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. സ്തുത്യർഹമായ ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി എസ്.എൽ.ബി.സി.യുടെ പ്രത്യേകം രൂപീകരിച്ച കമ്മിറ്റി പദ്ധതിയുടെ വിവിധ വശങ്ങൾ പഠിച്ചിട്ടുണ്ടെന്നും ഇനിയും കൂടുതൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുകയും ചെയ്യുന്നു എന്നും അദ്ദേഹം അറിയിച്ചു. ലോകമെമ്പാടും ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ അശാന്തി ഇന്ത്യയിലും വ്യാപിച്ചു. സംസ്ഥാനത്തെ വായ്പാ വിതരണവും തുല്യസ്ഥിതിയിലാക്കാൻ ശ്രമംനടത്തി. നിക്ഷേപവളർച്ച വായ്പാനിരക്കിനേക്കാൾ ഉയരുകയും ശൂന്യമായ ക്രെഡിറ്റ്-ഡെപ്പോസിറ്റ് അനുപാതത്തിന് കാരണമാവുകയും ചെയ്തു.

സമഗ്രവികസനത്തിന്റെ പാതയിൽ പൊതുമേഖലാരംഗത്തും സ്വകാര്യരംഗത്തും മൂലധന രൂപീകരണത്തിൽ ബാങ്ക് ക്രെഡിറ്റ് സുപ്രധാന പങ്ക് വഹിക്കുന്നു. മിക്കപ്പോഴും ബാങ്ക് ക്രെഡിറ്റ് തിരിച്ചെടുക്കുന്നത് സാമ്പത്തിക രംഗത്തെ പുനർജ്ജീവനത്തിന്റെ അടയാളമായി കണക്കാക്കുന്നു. ഈ സാഹചര്യത്തിൽ വളരെ ചെറിയ ക്രെഡിറ്റ് വർദ്ധന പോലും വളരെ പ്രാധാന്യത്തോടെ അപഗ്രഥിക്കേണ്ടതാണെന്ന് എസ്.എൽ.ബി.സി. കൺവീനർ അഭിപ്രായപ്പെട്ടു.

മാനദണ്ഡമായി നിശ്ചയിക്കപ്പെട്ട സി.ഡി.അനുപാതം ഇപ്പോൾതന്നെ 60 ശതമാനത്തിൽ അധികമായി കഴിഞ്ഞു. 2008-2009 ധനകാര്യവർഷത്തിന്റെ ആദ്യഒൻപതു മാസകാലയളവിൽ സി.ഡി. ശതമാനും കുറഞ്ഞിരുന്നു. ഇത് 2009 മാർച്ചോടെ 7.85 ശതമാനം വളർച്ചയോടെ 63.54 ശതമാനമായി. ഈ സാഹചര്യത്തിൽ നിലനിൽക്കുന്ന രണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ക്രെഡിറ്റ് സമ്പ്രദായം വളർച്ചാനിരക്കിലെത്തി ക്കുമെന്നും സ്ഥിരമായ വളർച്ച സാമ്പത്തിക രംഗത്ത് തിരിച്ചു കൊണ്ടുവരുമെന്നും അദ്ദേഹം പ്രസ്താവിച്ചു.കഴിഞ്ഞ സാമ്പത്തികവർഷത്തിന്റെ അവസാന ഭാഗത്തോടെ സംസ്ഥാനം ബാങ്കിംഗ് രംഗത്ത് ഒരുപാട് നാഴികക്കല്ലുകൾ പിന്നിട്ടു. 2008-09 സാമ്പത്തിക വർഷം സംസ്ഥാനത്തെ വാണിജ്യബാങ്കുകൾ ഒരു ലക്ഷത്തി മുപ്പതിനായിരം കോടിയുടെ നിക്ഷേപസമാഹരണവും 82,000 കോടി രൂപയുടെ വായ്പാ സൗകര്യവും ഏർപ്പെടുത്തി എന്നത് തൃപ്തികരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.നടപ്പു സാമ്പത്തിക വർഷവും മൂലധന സമാഹരണവും വായ്പാ വിതരണ പദ്ധതികളും സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രാഥമിക മേഖലയായ കൃഷിയിലും തൃതീയമേഖലയായ സേവന രംഗത്തും കഴിഞ്ഞ സാമ്പത്തിക വർഷം നമ്മൾ ലക്ഷ്യം നേടി എന്നത് സംസ്ഥാനത്തിന്റെ വാർഷിക ക്രെഡിറ്റ് മേഖലയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കാണിക്കുന്നു. എങ്കിലും ദ്വിതീയ മേഖലയിലെ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് .ചെറുകിട വ്യവസായവും കുടിൽ വ്യവസായവും ഉദ്ദിഷ്ടലക്ഷ്യത്തിന്റെ 79% വളർച്ചാ നിരക്ക് കഴിഞ്ഞ സാമ്പത്തികവർഷം മാത്രമേ കാണിച്ചിട്ടുള്ളൂ എന്നത് നിരാശാ ജനകമാണ്.

2009-2010 ലെ സ്റ്റേറ്റ് ക്രെഡിറ്റ് പദ്ധതി യഥാസമയം അവതരിപ്പിച്ചു. ഇത് കാർഷിക രംഗത്ത് 12.16 ശതമാനവും , എസ്.എം.ഇ. രംഗത്ത് 5.65 ശതമാനവും തൃതീയ മേഖലയിൽ 19.73 ശതമാനവും വളർച്ചാനിരക്ക് വിഭാവനം ചെയ്യുന്നു. നടപ്പു സാമ്പത്തിക വർഷം ചെറുകിട-കുടിൽ വ്യവസായ രംഗത്ത് മെച്ചപ്പെട്ട പ്രകടനമുണ്ടാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ബാങ്കിന്റെ കണക്കുവിവരങ്ങളും ബാങ്കിന്റെ പുരോഗമന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങളും രേഖപ്പെടുത്തിയിട്ടുള്ളത് അംഗങ്ങൾക്ക് ലഭ്യമാകുമെന്നതിനാൽ അദ്ദേഹം അവ വിവരിക്കാതെ അംഗങ്ങളെ ഒരിക്കിൽ കൂടി സ്വാഗതം ചെയ്ത് ചെയർമാനെ അദ്ധ്യക്ഷ പ്രസംഗത്തിനായി ക്ഷണിച്ചു.

സ്തുത്യർഹവും ഊർജ്ജസ്വലവുമായ പ്രവർത്തനത്തിലൂടെ അംഗീകരിക്കപ്പെട്ട എസ്.എൽ.ബി.സി.യുടെ 99-ാം യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞത് അഭിമാനവും സന്തോഷവും നൽകുന്നു എന്ന് കാനറാ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ **ശ്രീ.എ.സി. മഹാജൻ** സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു.

കേരളത്തിന്റെ വികസന വീക്ഷണം അദ്വിതീയമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. കുറഞ്ഞ ശിശുമരണ നിരക്ക്, ഉയർന്ന ആയുർദൈർഘ്യം, ആരോഗ്യപരിരക്ഷ, സാക്ഷരത തുടങ്ങിയവയിലൂടെ മാനവിക വികസന രംഗത്ത് സംസ്ഥാനം നിർണ്ണായകമായ സ്ഥാനം നേടിയെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കായുള്ള പ്രവർത്തനശേഷി, മാനവിക വളർച്ചയിൽ അന്തർലീനമായിരിക്കുന്നു. മാനവ വിഭവ വികസനം കേരളത്തിന് പുതിയ മേഖലകളായ ഇൻഫർമേഷൻ ടെക്നോളജി, ബയോ-ടെക്നോളജി, ടെലി കമ്മ്യൂണിക്കേഷൻ, പരമ്പരാഗത വൈദ്യം, ടൂറിസം തുടങ്ങിയവയിലും പ്രഗല്ഭ്യം നേടാൻ സഹായകരമാവുന്നു.

ലോകമെമ്പാടും സാമ്പത്തിക മാന്ദ്യത്തിന്റെ ഭീതിയിൽ അമർന്നിരിക്കുന്ന സമയത്താണ് ഈ യോഗം നടക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ സാമ്പത്തിക മാന്ദയത്തിന്റെ പ്രതികരണം വളരെ നിസ്സാരമാണെങ്കിലും റിയൽ എസ്റ്റേറ്റ്, തുണി വ്യവസായം എന്നീ വിപണികൾ മന്ദഗതിയിലാണ്. ഇത് ധനകാര്യ മേഖലകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗവൺമെന്റിന്റേയും ആർ.ബി.ഐ.യുടേയും സമയോചിതമായ ഉദ്ദീപക പാക്കേജുകൾക്കും ബാങ്കിന്റെ നാണ്യചാലകത്വം (ലിക്യുഡിറ്റി) നിലനിർത്തുന്ന പ്രവർത്തനങ്ങൾക്കും അദ്ദേഹം നന്ദി പ്രകടിപ്പിച്ചു. സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതം വളരെ അധികം കുറഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാനത്തെ ബാങ്കുകൾ മുഖേന ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും,റിസർവ്വ് ബാങ്കും , ഗവൺമെന്റും സംയുക്തമായി പല സാമ്പത്തിക ഉദ്ദീപന മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടുണ്ടെന്ന് **ശ്രീ. മഹാജൻ** അംഗങ്ങളെ അറിയിച്ചു .നബാർഡ്, ആർ.ബി.ഐ.യുടെ പ്രാദേശിക ഓഫീസുകൾ, എസ്.എൽ.ബി.സി. എന്നിവയുടെ നേതൃത്വത്തോടെയും മികച്ച ഏകോപനത്തിലൂടെയും സംസ്ഥാന ഗവൺമെന്റിന്റെ പരിപൂർണ്ണ സഹായത്തോടെയുമാണ് ഇത് സാദ്ധ്യമായത്. എസ്.എൽ.ബി.സി.യുടെ പ്രതിമാസ യോഗങ്ങൾ, ധനകാര്യ മന്ത്രാലയം, ഇന്ത്യാഗവൺമെന്റ് എന്നിവയുടെ നിർദ്ദേശപ്രകാരം കൃത്യമായി നടക്കുകയും റിപ്പോർട്ട് മന്ത്രിസഭയിൽ വെയ്ക്കുകയും ചെയ്യുന്നുണ്ട്.

ഗവൺമെന്റിന്റെ തീരുമാനങ്ങൾ ഫലവത്താക്കാനായി പ്രവർത്തിക്കുന്ന എസ്.എൽ.ബി.സി.യിൽ അംഗങ്ങളായ ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, ആർ.ബി.ഐ., നബാർഡിന്റെ പ്രാദേശിക ഓഫീസ് എന്നിവയെ എസ്.എൽ.ബി.സി.യുടെ പേരിൽ അദ്ദേഹം അഭിനന്ദിച്ചു.

സംസ്ഥാനത്തെ ബാങ്കിംഗ് മേഖല സംസ്ഥാന ഗവൺമെന്റിന്റെ വികസന പദ്ധതികളുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് വളർന്നുകൊണ്ടിരിക്കുന്ന ബാങ്കിംഗ്

മേഖല വിഭവ സമാഹരണം, അവയുടെ വിതരണം എന്നിവയിലും ഏർപ്പെട്ടിരിക്കുന്നു.തദ്വാരാ , ജനങ്ങളുടെ ക്ഷേമവർദ്ധനവിനും രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്കും ഈ മേഖല ഇടവരുത്തുന്നു. 4084 ബ്രാഞ്ചുകളോടെ വാണിജ്യബാങ്കുകളും വിസ്തൃതമായ ശൃംഖലകളോടെ സഹകരണ ബാങ്കുകളും സംസ്ഥാനത്തിന്റെ വിദൂരങ്ങളിൽ പോലും ബാങ്കിങ് സേവനം സുസാദ്ധ്യമാക്കുന്നു. അതിനുശേഷം അദ്ദേഹം മാർച്ച് 2009 ൽ കേരളം ബാങ്കിംഗ് മേഖലയിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പ്രതിപാദിച്ചു.

2008-2009 സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്നു മാസത്തെ  കണക്കുകൾ പ്രകാരം വാണിജ്യ ബാങ്കുകളുടെ നിക്ഷേപനിരക്കിൽ 23.57 % വർദ്ധനവുണ്ടായിട്ടുണ്ട്. 2009 മാർച്ച് മാസത്തോടെ ഈ വർദ്ധന 1,30,350 കോടിയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷം ഈ കാലയളവിൽ നിക്ഷേപസമാഹരണം 19.07% ആയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 24,862 കോടി രൂപയുടെ നിക്ഷേപസമാഹരണവും വാണിജ്യ ബാങ്കുകൾ  ചെയ്തിട്ടുണ്ട്.

2009 മാർച്ച് മാസത്തിൽ വാണിജ്യ ബാങ്കുകളുടെ മൊത്ത നിക്ഷേപം 72% ആയി വർദ്ധിപ്പിച്ചു. മൊത്ത നിക്ഷേപത്തുകയായ 130, 350 കോടിയിൽ 93,331 കോടി ആഭ്യന്തര നിക്ഷേപമാണ്.

കേരളത്തിലെ വാണിജ്യബാങ്കുകളിലെ പ്രവാസി നിക്ഷേപം 2370 കോടിയുടെ വർദ്ധനവ് കഴിഞ്ഞ മൂന്നാം പാദത്തിൽ രേഖപ്പെടുത്തുന്നു. ഇത് 7% വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്നു. 37019 കോടിരൂപയുടെ പ്രവാസി നിക്ഷേപം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളുടെ വളർച്ചയെ കാണിക്കുന്നു. 2007-2008 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ പ്രവാസി നിക്ഷേപം കുറഞ്ഞിരുന്നു. എങ്കിലും പിന്നീട് പ്രവാസി മലയാളികൾ കേരളത്തിലെ ബാങ്കുകളോട് കാണിച്ച വിശ്വാസത്തിന് അദ്ദേഹം അഭിനന്ദനം അറിയിച്ചു.

2009 മാർച്ച് മാസത്തിൽ വാണിജ്യ ബാങ്കുകളുടെ ക്രെഡിറ്റ്-ഡപ്പോസിറ്റ് അനുപാതം 63.54 ശതമാനമായതിൽ **ശ്രീ.മഹാജൻ** സന്തോഷം പ്രകടിപ്പിച്ചു. ഇത് ആർ.ബി.ഐ.യുടെ ഏറ്റവും കുറഞ്ഞ നിരക്കായ 60% ൽ അധികമാണ്. എന്നാൽ ഡിസംബർ 2008 ലെ 66.35% വളർച്ചാ നിരക്കിൽ നിന്നും ഇത് കുറഞ്ഞിരിക്കുന്നു. നിക്ഷേപ - വായ്പാ രംഗത്തുണ്ടായ പൊതുവായ മാന്ദ്യത്തിനുകാരണമായതും പ്രവാസി നിക്ഷേപം കൂടിയതിനാണെന്ന് അനുമാനിക്കാം. കേരളത്തിലെ വായ്പാ വിതരണരംഗത്തെ കണക്ക് പരിശോധിക്കുമ്പോൾ കേരളത്തിലെ ബാങ്കുകൾ 1466 കോടി രൂപയുടെ അധിക വായ്പാസമാഹരണമാണ് നടത്തിയത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വളർച്ചാ നിരക്ക് 17.16% ൽനിന്നും 10% ആയികുറഞ്ഞു. 2009 മാർച്ച് മാസത്തോടെ വാണിജ്യബാങ്കുകളുടെ നിക്ഷേപം 6.30% ആയി വളർന്നു. എന്നാൽ വായ്പാ പദ്ധതിയിൽ 1.80% വർദ്ധനവേ ഉണ്ടായുള്ളൂ. സി.ഡി. നിരക്ക് 63.54% ആയത് ഈ അസന്തുലിതാവസ്ഥ മൂലമാണ്. അർദ്ധ നാഗരിക ബാങ്കുകളിലെ സി.ഡി. നിരക്ക് 53.22% ആണ്. ഇത് ആർ.ബി.ഐ. നിശ്ചയിച്ച 60% ൽനിന്നും വളരെ താഴെയാണ് എന്നതും തികച്ചും നിരാശാജനകമാണ്. വായ്പാവിതരണ രംഗത്തുണ്ടായ അസന്തുലിതാവസ്ഥയുടെ കാരണം കണ്ടെത്തി അവ പരിഹരിക്കാൻ **ശ്രീ.മഹാജൻ** യോഗത്തിൽ പങ്കെടുത്ത ബാങ്ക് മേധാവികളോട് ആഹ്വാനം ചെയ്തു.

2008-09 ലെ വാർഷിക വായ്പാ പദ്ധതി തൃപ്തികരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 36,193 കോടി രൂപയുടെ വിതരണമാണ് ലക്ഷ്യമിട്ടിരിക്കുന്നതെങ്കിലും 39,679 കോടി, പ്രധാന മേഖലകളിൽ വിതരണം ചെയ്തു. കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 110% അധിക വരുമാനം ഉണ്ടാവുകയും ചെയ്തു. വാർഷിക വായ്പാ പദ്ധതിയിൽ ദ്വിതീയ മേഖലയിലും എടുത്തുപറയത്തക്ക നേട്ടം ഉണ്ടായിട്ടുണ്ട്. 27% വാർഷിക വളർച്ചയാണ് ലക്ഷ്യമിട്ടതെങ്കിലും 79.01% അധിക വളർച്ച നേടാൻ ഈ മേഖലയ്ക്ക്

സാധിച്ചു.എന്നിരുന്നാലും പ്രാഥമിക മേഖലയായ കാർഷികരംഗത്തും തൃതീയ മേഖലയായ സേവന രംഗത്തും പ്രതീക്ഷിച്ച ഉയർച്ചനേടാനായില്ല. ഇത് ബാങ്കുകൾ പുനരവലോകനം ചെയ്യുകയും  വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യും.

2009 മാർച്ചിൽ 48,387 കോടി രൂപയാണ് പ്രധാന മേഖലയ്ക്കായി മുൻകൂർ നീക്കിവച്ചിരുന്നത്. ഇത് ക്രമീകൃത ബാങ്ക് വായ്പയുടെ 58.42% ബാങ്കിന് നൽകുന്നു. ഇത് ആർ.ബി.ഐ. തീരുമാനിച്ചതിലും 40% കൂടുതലാണ്. എ.എൻ.ബി.സി.യുടെ 19.27% ഓഹരി നേടി കാർഷിക വായ്പ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു.

2008 ലെ കടാശ്വാസ പദ്ധതി പ്രകാരം ഗുണം കിട്ടിയ ഉപഭോക്താക്കൾക്ക് പുതിയ വായ്പാസൗകര്യം നൽകി കാർഷിക രംഗത്ത് കൂടുതൽ വായ്പ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് **ശ്രീ. മഹാജൻ** ബാങ്കുകളോട് അഭ്യർത്ഥിച്ചു.  ദുർബല വിഭാഗങ്ങൾക്കായുള്ള വായ്പയുടെ ഓഹരി, മൊത്തം വായ്പാ തുകയുടെ 14.78% ആയി വർദ്ധിച്ചു. ഇത് ആർ.ബി.ഐ. നിശ്ചയിച്ച കുറഞ്ഞ പരിധിയായ 10% ൽ കൂടുതലാണെന്ന് അദ്ദേഹം കമ്മിറ്റിയെ അറിയിച്ചു.

ചെറുകിട, കുടിൽ വ്യവസായങ്ങൾ ഉൾപ്പെട്ട മുൻഗണനാ മേഖലകളുടെ എസ്.എം.ഇ. വായ്പ 8095 കോടിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് ലക്ഷ്യമിട്ടത് 20% വളർച്ചയാണെങ്കിലും ഈ മേഖല 2009 മാർച്ചോടെ 21.29% ത്തിന്റെ അധിക വളർച്ച നേടിയിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം വളർന്നു കൊണ്ടിരിക്കുന്ന മേഖലകളിൽ കൂടുതൽ വായ്പാ സൗകര്യം നൽകി എം.എസ്.എം.ഇ. മേഖലയെ ഉയർത്താൻ കഴിഞ്ഞതിനാൽ ബാങ്കുകൾക്ക് സംസ്ഥാന സർക്കാരിന്റെ അഭിനന്ദനം നേടാൻ കഴിഞ്ഞു.

2008-2009 സാമ്പത്തിക വർഷത്തിന്റെ അന്ത്യപാദത്തിൽ എസ്.സി/എസ്.ടി. ഗുണഭോക്താക്കൾക്കായുള്ള വായ്പാ വിതരണ രംഗത്ത് കേരളത്തിലെ വാണിജ്യ ബാങ്കുകൾ ഊർജ്ജസ്വലമായ പുരോഗതി നേടിയിരുന്നെങ്കിലും 2009 മാർച്ച് അവസാനത്തോടെ ഈ രംഗത്ത് തകർച്ച അനുഭവപ്പെട്ടു. എസ്.സി/എസ്.ടി കാർക്ക് ഉണ്ടായിരുന്ന 2204 കോടി രൂപയുടെ വായ്പാ പദ്ധതി വർഷാവസാനത്തോടെ 1012 കോടിയായി കുറഞ്ഞു. 2008 ഡിസംബറിൽ ഇത് 3215 കോടി രൂപയായിരുന്നു. എന്നാൽ ഇത് കണക്കിൽ പറ്റിയ പിഴവ് ആകാനാണ് സാദ്ധ്യതയെന്നും ഇത്ര കുത്തനെയുള്ള താഴ്ച ഈ രംഗത്ത് സാദ്ധ്യമല്ലെന്നും **ശ്രീ.മഹാജൻ** സാക്ഷ്യപ്പെടുത്തുന്നു. എല്ലാ ബാങ്കുകളിലേയും മേലധികാരികളോട് ഈ വിഷയത്തിൽ പഠനം നടത്താനും ശരിയായ കണക്ക് അടുത്ത യോഗത്തിൽ സമർപ്പിക്കാനും അദ്ദേഹം അഭ്യർത്ഥിച്ചു.

കഴിഞ്ഞ വർഷത്തെ മൊത്തം വായ്പയുടെ 0.26% ഓഹരിയോടെ 211.82 കോടിയിലെത്തിയ ഡി.ആർ.ഐ. അഡ്വാൻസ് തൃപ്തികരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കഴിഞ്ഞ വർഷത്തെ അനുപാതം 1% ആയിരുന്നു. എന്നാൽ 26% നേടിയ കേരളത്തിലെ വാണിജ്യ ബാങ്കുകൾ മറ്റു സ്ഥലങ്ങളിലുള്ളതിനേക്കാളും മികച്ച പ്രകടനം കാഴ്ചവച്ചുവെന്ന് അദ്ദേഹം അറിയിച്ചു.

ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ, വിവിധ സംസ്ഥാന സർക്കാരുകളും കേന്ദ്രസർക്കാരും നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തെ ബാങ്കുകൾ സജീവമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് വിവിധ ഗവൺമെന്റ് അധിഷ്ഠിത പരിപാടികളുടെ പുനരവലോകനത്തിൽ അദ്ദേഹം നിരീക്ഷിച്ചു.

എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം 2009 മാർച്ചിൽ കേരളത്തിലെ ബാങ്കുകളുടെ വാർഷിക വായ്പാ പദ്ധതി ലക്ഷ്യമിടുന്നത് 8293.37 ലക്ഷമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ബാങ്കിന്റെ പ്രകടനം 106% ആയിരുന്നു. ഇതുപോലെ എസ്.ജെ.ആർ.വൈ. പദ്ധതി പ്രകാരവും കേരളത്തിലെ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തിക വർഷം നല്ല പ്രകടനം കാഴ്ച വച്ചു. എസ്.ജെ.ആർ.വൈ. പദ്ധതി പുതിയ പ്രകടനംമൊന്നും ലക്ഷ്യമിട്ടിട്ടില്ലെങ്കിലും ഇത് പ്രകാരം 2008-09 ൽ 25,232 എസ്.ജെ.എസ്.ആർ.വൈ. ലോണുകൾക്ക് ബാങ്ക് അനുമതി നൽകി. ബാങ്കുകളുടെ സമയോചിത പ്രയത്നത്തെയും മികച്ച പ്രകടനത്തേയും അഭിനന്ദിച്ച അദ്ദേഹം ബാക്കി നിൽക്കുന്ന വായ്പകളുടെ വിതരണം കഴിയുന്നതും വേഗം ചെയ്തുതീർക്കാൻ അഭ്യർത്ഥിച്ചു. പി.എം.ഇ.ജി.പി.യുടെ കാര്യത്തിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല.

നാഷണൽ നോഡൽ ഏജൻസിയായ കെ.വി.ഐ.സി.യോടും കെ.വി.ഐ.ബി., ഡി.ഐ.സി. തുടങ്ങിയ അനുബന്ധ ഏജൻസികളോടും പരസ്പര സഹകരണത്തോടെയും ഏകോപനത്തിലൂടെയും വിവിധ ലോൺ അപേക്ഷകളുടെ കാര്യക്ഷമമായ നടത്തിപ്പിനായി ജില്ലാ കമ്മിറ്റികൾ മുഖേന ശ്രമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ആർ.എസ്.ഈ.ടി.ഐ. (RSETI) പോലുള്ള പരിശീല സ്ഥാപനങ്ങളും കർഷകർക്കായുള്ള വായ്പാ സൗകര്യം പ്രതിപാദിക്കുന്ന കൗൺസിലിംഗ് സെന്ററുകളും, ഇന്ത്യാഗവൺമെന്റിന്റെ ഗ്രാമീണ വികസന മന്ത്രാലയത്തിന്റേയും ആർ.ബി.ഐ. സഹകരണത്തോടെ തുറന്നു പ്രവർത്തിപ്പിക്കാൻ ബാങ്കുകൾ നേതൃത്വം നൽകും.

നോഫ്രിൽ അക്കൗണ്ടിംഗ് തുടങ്ങിയവർക്കായുള്ള രണ്ടാംഘട്ട സാമ്പത്തിക സേവനമേഖലയിൽ കേരളത്തിലെ ബാങ്കുകൾ ശ്രദ്ധകേന്ദ്രീകരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത് നല്ലരീതിയിൽ നടപ്പിലാക്കാനായി, ബാങ്കിംഗ് സംവിധാനം , ഇൻഫർമേഷൻ ടെക്നോളജിയുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.ഇതിനായി ബിസ്സിനസ്സ് കറസ്പോൺഡുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക പുരോഗതിക്കായുള്ള ഗവൺമെന്റിന്റെ നയപരിപാടികളിലും ഗവൺമെന്റിന്റെ പദ്ധതികളിലും സഹകരിക്കുവാൻ ബാങ്കുകളോട് **ശ്രീ.മഹാജൻ** അഭ്യർത്ഥിച്ചു. ഗവൺമെന്റിന്റെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും ബാങ്കുകൾ ആത്മാർത്ഥ സഹകരണം നൽകുന്നു എന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. കാലാകാലങ്ങളിൽ കടബാദ്ധ്യതകൾ തിരിച്ചുപിടിക്കാനായി നോഡൽ ഏജൻസികളുടെ സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു.

ബാങ്കുകൾ എല്ലായ്പ്പോഴും തങ്ങളുടെ പ്രോഗ്രാമുകളിലും നയങ്ങളിലും സാമൂഹിക സാമ്പത്തിക വീക്ഷണം പുലർത്തുമെന്ന് **ശ്രീ. മഹാജൻ**, എസ്.എൽ. ബി.സി. കേരളയുടെ പേരിലും പ്രത്യേകിച്ച് കാനറാ ബാങ്കിന്റെ പേരിലും സംസ്ഥാന ഗവൺമെന്റിന് ഉറപ്പുകൊടുത്തു.

കേരള ഗവൺമെന്റിന്റെ ചീഫ് സെക്രട്ടറിയായ **ശ്രീമതി. നീല ഗംഗാധരൻ ഐ.എ.എസ്** തന്റെ പ്രസംഗത്തിൽ എസ്.എൽ.ബി.സി. യോഗത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ ആഹ്ലാദം പ്രകടിപ്പിച്ചു. ഇതിനുമുമ്പും എസ്.എൽ.ബി.സി. യുടെ യോഗത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും ചീഫ്സെക്രട്ടറിയായതിനുശേഷം ആദ്യത്തെ യോഗമാണിതെന്ന് അവർ അഭിപ്രായപ്പെട്ടു. തുടർന്ന് താഴെ പറയുന്ന സംഗതികൾ അവർ വ്യക്തമാക്കി.

* നിക്ഷേപങ്ങൾ കുറഞ്ഞിട്ടുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികാവലോകനം വ്യക്തമാക്കുന്നത് ബാങ്കുകൾ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്

എന്നതാണ്. വർഷങ്ങൾക്കുമുമ്പ് നിലവിൽ വന്ന ശ്രീ.തൊറാട്ട് അദ്ധ്യക്ഷനായുള്ള കമ്മിറ്റിയെ ഉദ്ധരിച്ച് ഇവിടെ ക്രെഡിറ്റ് – ഡെപ്പോസിറ്റ് അനുപാതത്തിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ ചില ജില്ലകൾ ഇപ്പോഴും സി.ഡി.അനുപാതം നിലനിർത്തുന്നതിൽ പിന്നോക്കമാണ്. എന്നാൽ സാമ്പത്തിക മാന്ദ്യത്തിന്റേതായ ഇന്നത്തെ പരിതസ്ഥിതിയിൽ ഈ പ്രശ്നങ്ങൾ ഗൗരവമേറിയതാണ്. പൊതുനിക്ഷേപം , പൊതു നയം, വായ്പാ ലഭ്യത എന്നിവയിലൂടെ രാജ്യത്തെ സാമ്പത്തികമായി ഉയർത്തേണ്ടതെങ്ങനെയെന്ന് എല്ലാവരും അറിഞ്ഞിരിക്കണം. കേരളസർക്കാർ പല പദ്ധതികളും ആസൂത്രണംചെയ്തിട്ടുണ്ട്. ഇന്തൊനേഷ്യയിലെ കാർഷിക തകർച്ചയെ ഉദ്ധരിച്ചുകൊണ്ട് പ്രത്യേക ശ്രദ്ധ കാർഷികരംഗത്തും ഉത്പാദന രംഗത്തും കൊടുക്കേണ്ടതാണെന്ന് അവർ സമർത്ഥിച്ചു. എസ്.എൽ.ബി.സി. യുടെ യോഗം മേൽപ്പറഞ്ഞ കാര്യങ്ങൾ വിശദമായി പഠിക്കുമെന്നും ഈ മേഖലയുടെ കാതലായ ഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധയർപ്പിക്കുമെന്നും അവർ പ്രത്യാശിച്ചു.

* തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും കഴിവുകൾ പരിപോഷിപ്പിക്കുന്നതുമായ ഉത്തേജകപദ്ധതികൾ ഇന്ത്യാഗവൺമെന്റിന്റെ ക്യാബിനറ്റ് സെക്രട്ടറി പുനരവലോകനം ചെയ്തു. പ്രധാന പദ്ധതികളുടെ നടത്തിപ്പിൽ ഉള്ള പ്രശ്നങ്ങൾ കേരളാഗവൺമെന്റ് യഥാസമയം അവലോകനം ചെയ്തു.

* സാമ്പത്തിക ഘടകങ്ങൾ ഉദ്ധരിച്ച് പലകേന്ദ്രങ്ങളിലേക്കുമുള്ള പണമിടപാടുകളിൽ സർക്കാർ, സുതാര്യമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അവർ അറിയിച്ചു. ഗവൺമെന്റ് സ്മാർട്ട് കാർഡുകളും ജനങ്ങൾക്ക് സൗകര്യപ്രദമായ അക്കൗണ്ടുകളും തുടങ്ങിയിട്ടുണ്ട്. ഇത് ഭരണപരമായ സുതാര്യതയ്ക്കൊപ്പം പാവപ്പെട്ടവർക്ക് സബ്സിഡികളും ഗ്രാന്റും നൽകുന്നതിന് സഹായകമാവുന്നു. സംസ്ഥാനത്ത് നടപ്പിലാക്കിയ നീക്കിയിരിപ്പ് ആവശ്യമില്ലാത്ത അക്കൗണ്ടുകൾ (No Frill Accounts) എന്ന പദ്ധതിയെക്കുറിച്ചും അതിന്റെ സാദ്ധ്യതകളെക്കുറിച്ചും യോഗത്തിൽ വിശദമായി സംസാരിക്കാമെന്ന് അവർ കൂട്ടിച്ചേർത്തു.

കേരളം മാനവ വിഭവശേഷിയിൽ മുൻപന്തിയിലാണെന്ന് വിദ്യാഭ്യാസ പുരോഗതിയെ പ്രതിപാദിച്ച് അവർ വിലയിരുത്തി. സംസ്ഥാനസർക്കാർ ധാരാളം ഐ.ടി.ഐ.കളും മറ്റ് പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടേയും ഗവൺമെന്റിന്റേയും പങ്കാളിത്തം, രാജ്യത്തിന്റെ വികസന പാതയിൽ അത്യന്താപേക്ഷിതമാണ്.

കേരളത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത വളരെയധികമാണ്. അടിസ്ഥാന സജ്ജീകരണങ്ങലുടെ പുരോഗതിക്കായി വായ്പാ സൗകര്യം ലഭ്യമാണ്. ബാങ്കുകൾ ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിൽ അവർ ആഹ്ലാദം പ്രകടിപ്പിച്ചു. എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിക്കായി ഇനിയും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്.

* എം.എസ്.എം.ഇ. കേരളത്തിലെ പ്രധാന മേഖലയാണ്.ചെറുകിട വ്യവസായങ്ങൾക്ക് ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാൽ ബാങ്കുകളും ഗവൺമെന്റും ഈ രംഗത്ത് ഒരുമിച്ച് പ്രവർത്തിക്കുകയും സഹായം ആവശ്യമുള്ള സംരംഭങ്ങളുടെ വിശദവിവരങ്ങൾ പുനരവലോകനം ചെയ്യുകയും വേണം.

* സർക്കാരിന്റെ ഭാഗത്തുനിന്നും ഭരണപരമായ തീരുമാനങ്ങളെടുക്കാൻ കാലതാമസം നേരിട്ട പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പിൽ ആവശ്യമായ നടപടികൾക്കായി സമർപ്പിച്ചു. വാർഷിക വായ്പാ പദ്ധതി, കഴിഞ്ഞ സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കി.

എങ്കിലും സി.ഡി. അനുപാതം കുറഞ്ഞു. സ്ഥിരമായി ഉയർന്നുകൊണ്ടിരിക്കുന്ന സി.ഡി. അനുപാതത്തിന് ചില നിയന്ത്രണങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. എന്നാൽ മാത്രമേ, സാമൂഹിക ആവശ്യങ്ങൾക്കായി ബാങ്കിന്റെ ചലനാത്മകത ഉപയോഗപ്പെടുത്താനും അതുവഴി സാമ്പത്തിക പ്രവർത്തനങ്ങൾക്കായുള്ള പണം സ്വരൂപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താനും സാധിക്കുകയുള്ളൂ.

* ആർ.ബി.ഐ.യുടെ തീരുമാനമാവാതെ അവശേഷിക്കുന്ന പദ്ധതിയാണ് ഇ.എം.എസ്. ഭവന പദ്ധതി. ഗവൺമെന്റിന്റേയും സ്ഥാപനത്തിന്റേയും പ്രവർത്തന ശൈലിയിൽ മാറ്റം വന്നിട്ടുണ്ട്. മാറിയ സാഹചര്യത്തിൽ ഈ നിയന്ത്രണങ്ങൾ പുനരവലോകനം നടത്തേണ്ടതും, കർശന നിയമങ്ങൾക്ക് അയവു വരുത്തി പുതിയ സംരംഭങ്ങൾക്ക് പിന്തുണ നൽകേണ്ടതുമാണ്. കേരള സർക്കാർ, ആർ.ബി.ഐ.യുടേയും ഇന്ത്യാഗവൺമെന്റിന്റേയും സഹകരണത്തോടെ ഈ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. സാമൂഹികമായും സാമ്പത്തികമായും താഴേക്കിടയിലുള്ളവരുടെ ഉന്നമനത്തിന് കേരള സർക്കാർ പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. ആർ.ബി.ഐ. ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്ന് അവർ അഭ്യർത്ഥിച്ചു.

* സാമൂഹിക അഭ്യുന്നതിക്കായുള്ള സർക്കാറിന്റെ ധാരാളം പദ്ധതികൾ വിജയം കണ്ടെത്തിയിട്ടുണ്ട്. കുടുംബശ്രീ പോലുള്ള പദ്ധതികൾ മുഖേന ബാങ്കുകൾക്ക് വളരെ മെച്ചപ്പെട്ട രീതിയിൽ ധനവിനിമയം സാദ്ധ്യമാവുന്നുണ്ട്. പരിഹരിക്കപ്പെടാതെ ബാക്കിയായ പ്രശ്നങ്ങൾക്ക് സർക്കാർ തീർപ്പുകല്പിക്കേണ്ടതാണ്.

ബാങ്കുകളുടെ പരിപൂർണ്ണസഹകരണം പ്രത്യാശിച്ച അവർ സർക്കാരിന്റെ എല്ലാ സഹായവും വാഗ്ദാനം ചെയ്തു. യോഗത്തിന് വിജയകരമായ ചിന്തനങ്ങൾ ഉണ്ടാകട്ടെ എന്ന് അവർ ആശംസിച്ചു.

സംസ്ഥാനത്തെ അഡ്വാൻസ് വളർച്ചാ നിരക്ക് നിക്ഷേപ വളർച്ചയ്ക്ക് ആനുപാതികമായി ഉയരുന്നില്ല. ഇത് വായ്പാ-നിക്ഷേപ അനുപാതംകുറയാൻ കാരണമാകുന്നു എന്ന്, എസ്.എൽ.ബി.സി.യുടെ കൺവീനറും, കാനറാ ബാങ്ക് ജനറൽമാനേജരുമായ **ശ്രീ. കെ.എൻ. ആചാര്യ** അറിയിച്ചു. ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങൾക്ക് സർക്കാരും ബാങ്കും സംയുക്തമായി ചേർന്ന് പരിഹാരം കണ്ടെത്തുമെന്ന് പൊതുചർച്ചാവേദിക്കുവേണ്ടി അദ്ദേഹം ചീഫ് സെക്രട്ടറിക്ക് ഉറപ്പു കൊടുത്തു.

റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ റീജീയണൽ ഡയറക്ടറായ **ശ്രീ.എസ്. രാമസ്വാമി,** എസ്.എൽ.ബി.സി. കൺവീനറും അദ്ധ്യക്ഷനും തങ്ങളുടെ പ്രസംഗത്തിൽ ബാങ്കിന്റെ പുരോഗതിയെയും, സി.ഡി. അനുപാതത്തിലെ കുറവും വിലയിരുത്തിയതിനെ അനുസ്മരിച്ചു. ഉത്പാദന മേഖലയിൽ കൂടുതൽ വായ്പാ സൗകര്യം ഏർപ്പെടുത്തി വായ്പാ-നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിന് എല്ലാവരും ഊന്നൽ നൽകി. സി.ഡി. അനുപാത വർദ്ധനവിനായുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അദ്ദേഹം ബാങ്കുകളോട് അഭ്യർത്ഥിച്ചു. 1969 ൽ ലീഡ് ബാങ്ക് സ്കീം (എൽ.ബി.എസ്.) നടപ്പിൽ വന്നു എന്നും പദ്ധതി 1981 ൽ പുതുക്കി എന്നും അദ്ദേഹം പറഞ്ഞു. 1977 ൽ ആണ് എസ്.എൽ.ബി.സി.ഫോറം നിലവിൽ വന്നത്. അന്നുമുതൽ ബാങ്കും, ഗവൺമെന്റും തമ്മിലുള്ള ഏകോപനവും , വാർഷിക വായ്പാ പദ്ധതിയുടെ രൂപവൽക്കരണവും നടത്തിപ്പും സർക്കാർ പദ്ധതികളുടെ ഏകോപനവും ഫോറം കാര്യക്ഷമമായി ചെയ്തിട്ടുണ്ട്. എസ്.എൽ.ബി.സി. കേരള, ധനപരമായ കാര്യങ്ങൾ, എ.ഡി.ഡ്ബ്ള്യു, ഡി.ആർ.പദ്ധതി, സാമ്പത്തിക ഉത്തേജക പദ്ധതികൾ, എസ്.എം.ഇ.യുടെ പുനർ രൂപ ഘടന എന്നിവയിൽ അവസരത്തിനൊത്ത് ഉയർന്നിട്ടുണ്ട്.

ഈ അവസരത്തിൽ അദ്ദേഹം ശ്രീമതി. ഉഷ തൊറാട്ട്, ആർ.ബി.ഐ. ഡെപ്യൂട്ടി ഡയറക്ടർ അദ്ധ്യക്ഷയായി ആർ.ബി.ഐ. നടപ്പിൽ വരുത്തിയ ലീഡ് ബാങ്ക് പദ്ധതിയെക്കുറിച്ച് പരാമർശിച്ചു. ലീഡ് ബാങ്ക് പദ്ധതിയുടെ നാനാവശങ്ങളെക്കുറിച്ചുള്ള സമഗ്രാവലോകനമാണ് കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം. കരടുപകർപ്പിന്റെ വിവരണം ആർ.ബി.ഐ. വെബ് സൈറ്റിൽ ലഭ്യമാണ്. വിവരണത്തിലെ പ്രസക്തഭാഗങ്ങൾ അദ്ദേഹം പങ്കുവച്ചു.

കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ - എസ്.എൽ.ബി.സി.., സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ലീഡ് ബാങ്കുകൾ എന്നിവയെ അടിസ്ഥാന സൗകര്യങ്ങളും മതിയായ ഉദ്യോഗസ്ഥരേയും നൽകി ശക്തിപ്പെടുത്തുക, ലീഡ് ബാങ്ക് പദ്ധതിയുടെ നടത്തിപ്പിലുള്ള തടസ്സവും, ആനുകൂല്യങ്ങളും വിലയിരുത്തുക, മുൻഗണനാ മേഖലയ്ക്കുള്ള മുൻകൂർ വായ്പയും ഗവൺമെന്റിന്റെ പദ്ധതികളും വിലയിരുത്തുക, എല്ലാ മേഖലയിലുമുള്ള വളർച്ച ത്വരിതപ്പെടുത്തുക, ലീഡ് ബാങ്ക് സേവനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുക എന്നിവയാണ് .

വയനാട്, ഇടുക്കി,കൊല്ലം എന്നീ തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ ആർ.ബി.ഐ.യും,, എസ്.എൽ.ബി.സി. കേരളയും ചേർന്ന് കമ്പ്യൂട്ടറധിഷ്ഠിത ധനകാര്യ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ ശക്തിയോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതായിട്ടുണ്ട്.

ലീഡ് ബാങ്ക് പദ്ധതിയുടെ അവലോകന കുറിപ്പിൽ ലീഡ് ബാങ്ക് പദ്ധതി താഴെപ്പറയുന്ന അഞ്ച് കാര്യങ്ങൾ ലക്ഷ്യമിടുന്നതായി പറയുന്നു.

1. ബാങ്കിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക
2. പണമിടപാട് രംഗത്തെ വിവിധ സംവിധാനങ്ങളെ ഏകോപിപ്പിക്കുക
3. ധനപരമായ സാക്ഷരത
4. വായ്പാ വിവരണം
5. പ്രതികരണ സെൽ രൂപീകരണം

നൂറുശതമാനം ധനപങ്കാളിത്തം ഉണ്ടാകുമെന്ന് റീജീയണൽ ഡയറക്ടർ ഉറപ്പു പറഞ്ഞു. വായ്പാസൗകര്യങ്ങൾ മെച്ചപ്പെടുത്തി ബാങ്കിന്റെ വ്യാപ്തിയും പങ്കാളിത്തവും വർദ്ധിപ്പിക്കുക, വായ്പാ ഉപദേശക കേന്ദ്രങ്ങൾ, (സി.ഡി.സി.) കൾ സ്ഥാപിക്കുക, ധനസാക്ഷരതാ ക്യാംപുകൾ സംഘടിപ്പിക്കുക എന്നിവയിലൂടെ ബാങ്കിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുക, പ്രതികരണ സെല്ലിന്റെ പ്രവർത്തനശൈലി വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കുന്നു. നോഫ്രിൽസ് അക്കൗണ്ടുകൾ പ്രവർത്തന ക്ഷമമാക്കാനും, ജനറൽ ക്രെഡിറ്റ് കാർഡുകൾ അനുവദിക്കുന്നതിനും ക്രെഡിറ്റ് കൗൺസിലിംഗ് കേന്ദ്രങ്ങൾ സ്ഥാപിതമാക്കാനും, ബാക്കിയുള്ള ഏഴ് ജില്ലകളിൽ ഗ്രാമസ്വയം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതിനും ബാങ്കുകളുടേയും സംസ്ഥാന സർക്കാരുകളുടേയും പങ്കാളിത്തം അത്യാവശ്യമാണ്. എറണാകുളം കോഴിക്കോട് ജില്ലകളിൽ എം.എസ്.ഇ. സെമിനാറുകളും വർക്കുഷോപ്പുകളും, ആർ.ബി.ഐ. യുടെ പ്രാദേശിക ഓഫീസുകൾ സംഘടിപ്പിച്ചിട്ടുണ്ട് എന്ന് എം.എസ്.എം.ഇ. മേഖലയെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം അറിയിച്ചു.സംഘാടകർ, വ്യാവസായിക പ്രതിനിധികൾ, വ്യവസായ സംഘങ്ങൾ, ബാങ്കുകൾ, എസ്.ഐ.ഡി.ബി.ഐ., നബാർഡ്, ഗവൺമെന്റ് എന്നിവരെല്ലാം ഇതിൽ പങ്കാളികളായി. മേൽപ്പറഞ്ഞവരുമായി നേരിട്ടുള്ള പാരസ്പര്യം

ധാരാളം പ്രശ്നങ്ങൾക്കുള്ള പ്രതിവിധി കൈക്കൊള്ളുന്നതിനും വായ്പയുടെ ചലനാത്മകത വർദ്ധിപ്പിക്കാനും സഹായകമായി. ഇതുപോലുള്ള സെമിനാറുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കേണ്ടതാണ്. പ്രശ്നങ്ങളും പ്രതിവിധികളും ഏകോപിപ്പിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്.

റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ സംഘടിപ്പിച്ച ബി.പി.എൽ.ആർ. പദ്ധതിയെക്കുറിച്ച് അദ്ദേഹം യോഗാംഗങ്ങളെ അറിയിച്ചു. ബി.പി.എൽ.ആറിന്റെ നാനാവശങ്ങളെക്കുറിച്ച് പഠിച്ച് കടം വാങ്ങുന്നവരും കൊടുക്കുന്നവരും ബി.പി.എൽ.ആറും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കി മാറ്റേണ്ടത് ജീവനക്കാരുടെ അടിസ്ഥാന കടമയാണെന്ന് അദ്ദേഹം പറഞ്ഞു.

ആർ.ബി.ഐ.യുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നു എന്നും ധനപരമായ സാക്ഷരത വർദ്ധിപ്പിക്കാനായി പ്രാദേശിക ഓഫീസ് പുതിയ പദ്ധതികൾ തുടങ്ങിയിട്ടുണ്ടെന്നും റീജിയണൽ ഡയറക്ടർ അറിയിച്ചു. അടുത്ത കാലത്ത് സ്കൂൾ കുട്ടികൾക്കായി പ്രബന്ധ മത്സരം, ആർ.ബി.ഐ. സംഘടിപ്പിച്ചിരുന്നു. ധനപരമായ വിഷയങ്ങളുൾക്കൊള്ളിച്ചു കൊണ്ടു നടത്തിയ ഈ മത്സരത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ സജീവമായി പങ്കെടുത്തിരുന്നു. തൃശൂർ,കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം ഇടുക്കിഎന്നീ അഞ്ചു ജില്ലകളിലെ സ്കൂൾ കുട്ടികൾക്കായി ബാങ്ക് സംബന്ധിയായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പെയിന്റിംഗ് മത്സരം നടത്തിയിരുന്നു. ധനപരമായ വിഷയങ്ങളുൾക്കൊള്ളിച്ചു കൊണ്ടുള്ള സന്ദേശം വ്യാപിപ്പിക്കാനായി നടത്തിയ ഈ മത്സരത്തിലും കുട്ടികൾ ആവേശപൂർവ്വം പങ്കെടുത്തു. മറ്റ് ജില്ലാ തലങ്ങളിലും ഇത് പോലുള്ള മത്സരങ്ങൾ നടത്തി. സമ്മാനം നേടിയ പെയിന്റിംഗുകളുടെ സംസ്ഥാന തല പ്രദർശനത്തോടെ മത്സരങ്ങൾക്ക് സമാപനം കുറിക്കും.

ധനസാക്ഷരതാ പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികളുടെ ടെക്സറ്റ് ബുക്കിൽ ബാങ്കിംഗ് സംബന്ധിയായ ഒരു പാഠം ചേർക്കണമെന്ന് അദ്ദേഹം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചു.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ബാങ്കും തമ്മിലും നബാർഡ്, എസ്.എൽ.ബി.സി., സംസ്ഥാന സർക്കാർ, ആർ.ബി.ഐ. എന്നിവ തമ്മിലും നിലനിൽക്കുന്ന പരസ്പര സഹകരണവും ഏകോപനവും സംബന്ധിച്ച് ശ്രീ. എസ്.രാമസ്വാമി അഭിനന്ദനപൂർവ്വമായ അഭിപ്രായം പ്രകടിപ്പിച്ചു. എസ്.എൽ.ബി.സിയുടെ വെബ്സൈറ്റ് കാലാനുസൃതമായി പുതുക്കാനും തദ്വാരാ വെബ്സൈറ്റ് കൂടുതൽ ഉപയോഗപ്രദമാക്കി മാറ്റാനും അദ്ദേഹം എസ്.എൽ.ബി.സി. കൺവീനറോട് ആഹ്വാനം ചെയ്തു. എസ്.എൽ.ബി.സി. യോഗത്തിന്റെ യോഗനടപടിയെക്കുറിച്ച് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി എസ്.എൽ.ബി.സി.യുടെ വെബ്സൈറ്റിൽ ചേർക്കാനും അദ്ദേഹം അഭ്യർത്ഥിച്ചു.

അടിസ്ഥാന വിവരങ്ങൾ കാലതാമസം കൂടാതെ, കൃത്യമായും സത്യസന്ധമായും എസ്.എൽ.ബി.സിയ്ക്ക് സമർപ്പിക്കണമെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഇത് ബാങ്കിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ട നിക്ഷേപങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ എസ്.എൽ.ബി.സി.യുടെ അടിസ്ഥാന വിവരങ്ങൾ കൂടുതൽ സൂക്ഷ്മമായ ചട്ടക്കൂട്ടിൽ ചെയ്യണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എസ്.എൽ.ബി.സി. കൺവീനറും കാനറാ ബാങ്ക് ജനറൽ മാനേജരുമായ **ശ്രീ.കെ.എൻ. ആചാര്യ** നടത്തിയ മറുപടി പ്രസംഗത്തിൽ എസ്.എൽ.ബി.സി. വെബ്സൈറ്റ് ആധുനീകരിക്കുമെന്നും, യോഗനടപടിക്കുറിപ്പുകൾ, 99-ാം യോഗം മുതൽ മലയാളത്തിൽ പരിഭാഷ ചെയ്യുമെന്നും ഉറപ്പുനൽകി. എല്ലാ ബാങ്കുകളോടും വളരെ കൃത്യമായ

അടിസ്ഥാന വിവരങ്ങൾ യഥാസമയം എസ്.എൽ.ബി.സി കൺവീനർക്ക് സമർപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇത് വ്യക്തമായ കണക്കുകൾ യോഗത്തിൽ വയ്ക്കുന്നതിന് ആവശ്യമാണ്.

സംസ്ഥാനത്തെ ബാങ്കിംഗ് പുരോഗതിയിൽ നബാർഡിന്റെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കാനായാണ് താൻ ഈ യോഗത്തിൽ പങ്കെടുക്കുന്നതെന്ന് നബാർഡ് ജനറൽ മാനേജർ **ശ്രീ. ജോസഫ് എസ്. പൈനാഡത്ത്** പറഞ്ഞു. അദ്ദേഹം പറഞ്ഞത് താഴെ കൊടുക്കുന്നു.

* ലോകബാങ്കിന്റെ കണക്കുകൂട്ടൽ പ്രകാരം ഇപ്പോൾ ആഗോള മാന്ദ്യം അനുഭവപ്പെടുകയാണെങ്കിലും ഇന്ത്യ ലോകത്തിലെ ഏറ്റവും വേഗത്തിൽ പുരോഗമിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ്. ചൈനയെപോലും പിന്നിലാക്കി, ഏകദേശം 8% വളർച്ച ഇന്ത്യ കരസ്ഥമാക്കി. എന്നാൽ പണപ്പെരുപ്പം പ്രതികൂല ഘടകമാണ്. ചില്ലറ വ്യാപാര വിലസൂചികയിൽ ഇത് ഇനിയും പ്രതിഫലിച്ചിട്ടില്ല. അവശ്യസാധനങ്ങളായ ധാന്യങ്ങൾ, ചോളം, മത്സ്യം, മാംസം, പാൽ എന്നിവയുടെ വിലക്കയറ്റം ദുഷ്കരമാണ്. ഇതിനുപുറമെ തെക്കുപടിഞ്ഞാറൻ കാലവർഷം താമസിച്ചു. മഴയുടെ ലഭ്യത കുറയാനും ഇടയുണ്ട്. ഇത് കാർഷിക രംഗത്തെയും 60 ശതമാനത്തോലം ഭക്ഷ്യഉത്പാദനത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് ഉറപ്പാണ്. ഇത് അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകും. ഇങ്ങനെയുള്ള നിർണ്ണായകഘട്ടങ്ങളിൽ കാർഷികരംഗം മൗനത്തിലാകുന്നു.

* കേരളപശ്ചാത്തലത്തിൽ 2008-09 കാലഘട്ടത്തിൽ മുൻഗണനാ മേഖലക്കായുള്ള കാർഷികവായ്പ 39800 കോടി ആയിരുന്നു. ബാങ്കുകളിൽ ആവശ്യത്തിന് നിക്ഷേപവും ഉണ്ടായിരുന്നു. എന്നാലും സി.ഡി. അനുപാതം ശ്രദ്ധയർഹിക്കുന്ന ഭാഗമാണ്. ഏറ്റവും ഗൗരവമാർന്ന കാര്യം വായ്പ സ്വീകരിക്കാനുള്ളവർ കുറവാണെന്നതാണ് ബാങ്ക് വായ്പ നൽകാൻ തയ്യാറാണ്. പക്ഷെ സൗകര്യപ്രദമായ നിക്ഷേപ പദ്ധതികളും അതിനുള്ള സാഹചര്യവും അത്ര സഹായകരമല്ല.തീർച്ചയായും ബാങ്കുകൾ ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്തെങ്കിലും താൽപര്യപ്പെട്ട മേഖലയിൽ ധനവിന്യാസം നടത്തുകയും ചെയ്യും.

* പൊട്ടൻഷ്യൽ ലിങ്ക്ഡ് ക്രെഡിറ്റ് പ്ലാൻ (PLPs) ജില്ലകൾക്കായി നബാർഡ് നിർമ്മിച്ചിട്ടുണ്ട്. ഇതിനായി അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചും, വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചും ജില്ലയിലെ മറ്റ് ബാങ്കുകളുമായി ബന്ധപ്പെട്ടും സംസ്ഥാനതലപദ്ധതി തയ്യാറാക്കി. 2009-2010ൽ ഇതിന്റെ നീക്കിയിരുപ്പ് 45,500 കോടിയാണ് ജില്ലാ വായ്പാ പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ സംസ്ഥാനത്തിന്റെ വാർഷിക വായ്പാ പദ്ധതി ഏകദേശം 42000 കോടിയാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇത് പി.എൽ.പി.യുമായി ബന്ധപ്പെട്ടിരിക്കുന്നു.

അവശ്യസജ്ജീകരണരംഗത്തെ വായ്പാ പദ്ധതി വിലയിരുത്തി അദ്ദേഹം താഴെ പറയുന്ന കാര്യങ്ങൾ വിശദമാക്കി.

* നബാർഡ് ഇപ്പോൾ ആർ.ഐ.ഡി.എഫ്. ന്റെ 15-ാം ഘടകമാണ്. 1 മുതൽ 14 വരെയുള്ള കാലഘട്ടത്തിൽ 3006 പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി 2570 കോടി രൂപ വിലയിരുത്തിയിട്ടുണ്ട്. ഇതിൽ വായ്പ എടുത്ത് ഏകദേശം 1530 കോടിയാണ്. 1939 പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കി. ഈ വർഷത്തെ നീക്കിവച്ച വിഹിതം ഏകദേശം 300 കോടി രൂപയും പ്രതീക്ഷിച്ച ചിലവ് 420 കോടിയുമായിരുന്നു. കാർഷിക കമ്പോള പദ്ധതി, ഗ്രാമീണ സംഭരണശാല പദ്ധതി, നിക്ഷേപ പദ്ധതി എന്നിവയ്ക്കായി ഗവൺമെന്റ് നൽകുന്ന സബ്സിഡി സ്വീകരിച്ച് സർക്കാർ മേഖലയിലും, പൊതുമേഖലയിലും, സ്വകാര്യമേഖലയിലും ഉള്ള അടിസ്ഥാന സൗകര്യങ്ങൾ

വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മേൽപ്പറഞ്ഞ പദ്ധതി പ്രകാരം 50 ലക്ഷം രൂപവരെ സബ്സിഡി അനുവദനീയമാണ്. നബാർഡ് ഈ സൗകര്യങ്ങൾ പൂർണ്ണമായും സ്വീകരിക്കുകയും ഈ പദ്ധതികളെല്ലാം ഈ വർഷവും തുടരുകയും ചെയ്യും. അതിനുശേഷം അദ്ദേഹം കാർഷിക മേഖലയിലെ ചില പ്രധാന മേഖലകളെ പരിചയപ്പെടുത്തി.

* ആഗോളമാന്ദ്യം ഇന്ത്യയെ കാര്യമായി ബാധിച്ചില്ല. കാപ്പി, ചായ അല്ലെങ്കിൽ മറ്റു കയറ്റുമതി സാധനങ്ങൾ എന്നിവയ്ക്ക് തകർച്ച അനുഭവപ്പെട്ടു.അതേസമയം നിക്ഷേപകർക്ക് തോട്ടകൃഷി, മൃഗസമ്പത്ത്, കോഴിവളർത്തൽ, മത്സ്യബന്ധനം, എം.എസ്.എം.ഇ., സഹകരണ മേഖല, ടൂറിസം എന്നിവയിൽ വൻ നിക്ഷേപ സാദ്ധ്യതയുണ്ട്.

ഈ നയം കേരളത്തിന്റെ പ്രത്യേക സാഹചര്യത്തെ മുൻനിർത്തി ഉണ്ടാക്കിയെടുത്തതാണ്. നിക്ഷേപ സ്ഥിരത ഉറപ്പു വരുത്തുമെന്നു നിക്ഷേപകരെ സ്വയം പര്യാപ്തരാക്കുമെന്നും ഉറപ്പു വരുത്തേണ്ടതാണ്. കേരളഗവൺമെന്റിലെ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, **ശ്രീ.എൽ.സി.ഗോയൽ ഐ.എ.എസ്**. താഴെ വിവരിച്ച കാര്യങ്ങൾ ഉയർത്തിക്കാട്ടി.

* 2007 ൽ കേരളത്തിൽ സമഗ്ര സാമ്പത്തിക പരിപാടി പ്രഖ്യാപിച്ചിരുന്നു. താഴെതട്ടിലുള്ള സാമ്പത്തിക ഉള്ളടക്കത്തിന്റെ പ്രാബല്യം യോഗം വിലയിരുത്തി. ഈ യോഗത്തിന്റെ ഭാഗമായി എത്ര നോ ഫ്രിൽ അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ടെന്നും അവ പ്രവർത്തനക്ഷമമാണോ എന്നും യോഗം വിലയിരുത്തുന്നു. ശരിയായ ധന ഇൻക്ലൂഷന് ആവശ്യമായ കരടുരേഖ തയ്യാറാക്കണം. ബാങ്കിംഗ് രംഗത്തുള്ള ഗവൺമെന്റിന്റെ രണ്ട് ഇടപെടലുകളാണ് എൻ.ആർ.ഇ.ജി.എ. യും കുടുംബശ്രീയും. ഇവ രണ്ടിന്റേയും പണമിടപാടുകൾ ബാങ്ക് മുഖാന്തിരമാണ് 5 ലക്ഷം കർഷകർക്കായുള്ള പെൻഷൻ പദ്ധതി സാമൂഹിക ക്ഷേമ വകുപ്പും, തദ്ദേശീയ സ്വയംഭരണ വകുപ്പും ചേർന്ന് ബാങ്കുവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.ക്ഷേമപദ്ധതി കൾ പ്രകാരം പണം നൽകുന്നത് ഇലക്ട്രോണിക് കൈമാറ്റ സമ്പ്രദായം ആവശ്യമില്ല. അതിന് ആളെ തിരിച്ചറിഞ്ഞ് പണം നൽകിയാൽ മതിയാകും. എന്നാൽ ഈ ആവശ്യത്തിന് തിരിച്ചറിയൽ സ്മാർട്ട് കാർഡ് നൽകേണ്ടതില്ല. ഈ പ്രശ്നം 29.5.0 9ൽ ആർ.ബി.ഐ. ഗവർണറുമായി സർക്കാർ ചർച്ച ചെയ്തു. ഈ പ്രശ്നം ബാങ്കുകളും പരിശോധിക്കേണ്ടതുണ്ട്.

* 2003 മാർച്ചിൽ സി.ഡി. അനുപാതം 45 ശതമാനമായിരുന്നു. അത് 2008 മാർച്ചിൽ 71.39% ആയി വളർന്നു. എന്നാൽ അത് 63.54 % ആയി കുറഞ്ഞു. ഇത് ഏകദേശം 8% കുറവു വരുന്നുണ്ട്. ഗ്രാമത്തിലെ സി.ഡി. അനുപാതം 80.40 ശതമാനവും, പട്ടണത്തിലെ അനുപാതം 79.69 ശതമാനവും അർദ്ധനാഗരികതയുടെ കാര്യത്തിൽ ഇത് 53.22 ശതമാനവും ആണ്.

അർദ്ധനാഗരികതാ പ്രദേശങ്ങളിൽ നിക്ഷേപം 57.48% ആണെന്നത് ആശ്ചര്യമുണ്ടാക്കുന്നു. എൻ.ആർ.ഐ. നിക്ഷേപം ആകെ എൻ.ആർ.ഐ. നിക്ഷേപത്തിന്റെ 68.27 ശതമാനമാണ്. ബാങ്കുകൾ തീർച്ചയായും അർദ്ധ നാഗരിക പ്രദേശങ്ങളിലുള്ള വായ്പ വർദ്ധിപ്പിക്കേണ്ടതുണ്ട്. കേരളത്തിലെ എം.എസ്.എം.ഇ. മേഖലയ്ക്ക് വായ്പ ലഭിക്കാനുള്ള അവസരമുണ്ട്. ഇതിനുപുറമെ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ കേരളത്തിൽ വളരെ കൂടുതലാണ്. എം.എസ്.എം.ഇ. യുമായി ചേർന്ന് മൂലധന സ്വരൂപണത്തിനും സമഗ്രതൊഴിൽ വികസനത്തിനും തദ്വാരാ ജി.എച്ച്.ഡി.പി.യിലേക്ക് സഹായിക്കുകയം ചെയ്യണം.ഇപ്പോൾ ജി.എച്ച്.ഡി.പി.യിലെ 58 ശതമാനവും വരുന്നത് സേവനമേഖലയിൽ നിന്നാണ്. ബാക്കിവരുന്നത് തൃതീയമേഖലയും

കാർഷികമേഖലയും സംഭാവന ചെയ്യുന്നു.

*	വാർഷിക കട പദ്ധതി തൃപ്തികരമാണ്. 110% വളർച്ച നേടിയെടുത്തിട്ടുണ്ട്. കാർഷിക മേഖല 47.47%വും തൃതീയ മേഖല 46.29 ശതമാനവും പുരോഗമനം. ദ്വിതീയ മേഖലയ്ക്ക് 6.24 ശതമാനവും വായ്പ മാത്രമേ കൊടുക്കാൻ കഴിഞ്ഞുള്ളൂ. സാമ്പത്തിക മാന്ദ്യം തുടരുന്നതിനാൽ  പ്രാഥമിക മേഖലയിൽ കാലാനുസൃതമായി വരവുണ്ടാകേണ്ടത് ആവശ്യമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ദ്വിതീയ മേഖല പണത്തിന്റെ ഞെരുക്കം അനുഭവിക്കുകയാണ്. പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുന്നതിനും എസ്.എം.ഇ.യുടെ സാമ്പത്തിക ഉത്തേജക പരിപാടിയനുസരിച്ച് നവീകരണത്തിനുമായി ബാങ്ക് നല്ല പ്രകടനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും, നമ്മൾ കുറേക്കൂടി മുന്നോട്ടു പോകുകയും എം.എസ്.എം.ഇ. സെക്ടറിന്റെ വായ്പാസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

*	ഗ്രാമീണമേഖല, നാഗരികമേഖല, സെമി-നാഗരിക മേഖല എന്നിവയ്ക്കായി നീക്കിവച്ച എം.എസ്.എം.ഇ. വായ്പകൾ വേർതിരിച്ചെടുക്കേണ്ടതാണ്. ഇത് എം.എസ്.എം.ഇ. യുടെ സെമി-നാഗരിക പ്രദേശങ്ങളിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് സഹായകമാകും.

*	ഇ.എം.എസ്. ഭവനവായ്പാ പദ്ധതി താരതമ്യേന നഷ്ടം സംഭവിക്കാത്തതാണെന്നും സാമൂഹിക പ്രസക്തി ഉള്ളതും ആവശ്യാനുസൃതമായ ഫണ്ട് ഉള്ളതുമാണ്. ഇതിന്റെ അനുമതിക്കായി ഗവൺമെന്റിനേയും ആർ.ബി.ഐ.യേയും നിർബന്ധിക്കുന്നുണ്ട്. ആർ.ബി.ഐ. റീജിയണൽ ഡയറക്ടറോട് ഈ വിഷയത്തിൽ ഉചിത തീരുമാനമെടുക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

*	ഇന്ത്യാഗവൺമെന്റ് സംസ്ഥാനത്തിന് ഉണർവുപകരുന്ന പദ്ധതികളുമായി മുന്നോട്ടു വന്നിട്ടുണ്ട്. തുടർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനത്തിന് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് അനുഭവപ്പെടുന്ന മാന്ദ്യത്തിന്റെ അളവ് കുറയ്ക്കാനായി സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഫോറം വിലയിരുത്തണം.

പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് വിഭാഗം സെക്രട്ടറി **ശ്രീ.ടിക്കാറാം മീന**, പ്ലാനിംഗ് സെക്രട്ടറിയുടെ പ്രധാന ജോലി ബാങ്കിന്റേയും ഗവൺമെന്റിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതാണെന്ന് പറഞ്ഞു. എസ്.എൽ.ബി.സി. യോഗത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുതിർന്ന സെക്രട്ടറിമാരും, യോഗത്തിൽ പങ്കെടുക്കണമെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടതായി അദ്ദേഹം അറിയിച്ചു.

സ്റ്റേറ്റ് ഗവൺമെന്റിന്റെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹം എസ്.എൽ.ബി.സി. കൺവീനറായ **ശ്രീ.കെ.എൻ. ആചാര്യയെ** അഭിനന്ദിക്കുകയും എസ്.എൽ.ബി.സി. യോഗാദ്ധ്യക്ഷനായ **ശ്രീ.എ.സി. മഹാജനെ** ഹാർദ്ദവമായി സ്വാഗതം പറയുകയും ചെയ്തു. എസ്.എൽ.ബി.സി. യോഗങ്ങൾ പതിവായി നടത്തേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യോഗത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഇതുവഴി സാധിക്കും. ബാങ്കിന്റേയും സംസ്ഥാനഗവൺമെന്റിന്റേയും ബന്ധം എക്കാലത്തും ഊഷ്മളമായിരുന്നു. ചീഫ് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും പറഞ്ഞ പ്രശ്നങ്ങൾക്ക് അനുകൂലമായ തീരുമാനം കൈക്കൊള്ളുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

യോഗത്തിൽ പങ്കെടുത്ത മുതിർന്ന ബാങ്ക് മേധാവികളുടേയും, ഓഫീസർമാരുടേയും സാന്നിദ്ധ്യത്തിൽ തങ്ങൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പറയാൻ ബാങ്കുകൾക്ക് കിട്ടുന്ന

അവസരമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. ഗവൺമെന്റ് വകുപ്പിലെ സെക്രട്ടറിമാരോടും അവർക്ക് ബാങ്കുകളുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രശ്നങ്ങൾ പറയാൻ അദ്ദേഹം അഭ്യർത്ഥിച്ചു. യോഗത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചു.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി സംസ്ഥാനത്ത് ശക്തിയാർജ്ജിച്ചുവരുന്ന മൈക്രോ ക്രെഡിറ്റ് പ്രസ്ഥാനം കുടുംബശ്രീ പോലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ നടത്തിപ്പിൽ മുൻകൈയെടുക്കുന്നു. ബാങ്കുകളുടെ സജീവ പങ്കാളിത്തത്തോടെ സന്നദ്ധസംഘടനകളും വളരെ നല്ല പുരോഗതി കാണിക്കുന്നു. കുടുംബശ്രീയുടെ നിസ്സീമമായ സഹകരണം അഭിനന്ദനീയാർഹം തന്നെയാണ്. 2009 മാർച്ചോടെ കുടുംബശ്രീയുടെ സഹകരണത്തോടെ 2.61 ലക്ഷം സന്നദ്ധ സംഘടനകൾ ബാങ്കുമായി സഹകരിച്ചും കേരളത്തിൽ 3.07 ലക്ഷം സന്നദ്ധ സംഘടനകൾ ബാങ്കുകളിൽ സേവിങ് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങി.ഇതിൽ 90% വും സ്ത്രീകളാണ്.

കേരളത്തിലും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് വളരെയധികം ഗുണകരമാണ് വിദ്യാഭ്യാസവായ്പാ പദ്ധതിയുടെ നടത്തിപ്പ്.

**ശ്രീ.എസ്.എം. വിജയാനന്ദ്, ഐ.എ.എസ്**, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശീയ സ്വയംഭരണവകുപ്പ് തന്റെ പ്രസംഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാട്ടി.

* 2009 ആഗസ്റ്റിൽ കേരള സർക്കാർ ഇ.എം.എസ്. ഭവനവായ്പാ പദ്ധതി തുടങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശീയ ഭരണകൂടം പൊതുമേഖലാ അസ്തിത്വമുള്ളതല്ലെന്നും തദ്ദേശഭരണകൂടത്തിലേക്കുള്ള അധികാര കൈമാറ്റം സാമ്പത്തിക ചിലവുള്ളതല്ലെന്നുമുള്ള പദ്ധതിയിൽ ആർ.ബി.ഐ. സർക്കുലറിന്റെ അതിലംഘനമല്ല. ഈ പദ്ധതി ഒരു ബാദ്ധ്യതയുമില്ലാതെ നടപ്പിലാക്കാവുന്നതാണ്. ഇതു സംബന്ധിച്ച തീരുമാനം ബാങ്കുകൾ എത്രയും വേഗം എടുക്കേണ്ടതാണ്. ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഭാഗമായ ഡി.ആർ.ഐ. ഘടകം ഇന്ത്യാ ഗവൺമെന്റും ആർ.ബി.ഐ.യും അംഗീകരിച്ചതാണ്. നടപടി ക്രമം സംബന്ധിച്ച പ്രശ്നങ്ങളിൽ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പോലും ഡി.ആർ.ഐ. അഡ്വാൻസ് ലഭ്യമാകുന്നില്ല.യോഗത്തിലെ ആലോചനാവിഷയങ്ങൾ തരം തിരിച്ച് പിന്നീട് ചർച്ചയ്ക്കെടുക്കുന്നതാണ്.

* നാഗരിക മേഖലയിൽ രണ്ട് പദ്ധതികൾ ഇന്ത്യാഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

1. രാജീവ് ആവാസ് യോജന, 2. ദരിദ്രർക്കായുള്ള പലിശരഹിത വായപാ പദ്ധതി ഇതിന്റെ വിശദവിവരങ്ങൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കും.

* ഡി.ആർ.ഐ. അഡ്വാൻസിൽ ഗണ്യമായ രീതിയിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. അനുശാസിച്ച ഒരു ശതമാനത്തിൽ കൂടുതൽ ഡി.ആർ.ഐ. അഡ്വാൻസ് ലഭിക്കാനുള്ള സാദ്ധ്യതകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. ഐ.എ.വൈ.യ്ക്കൊപ്പം മറ്റ് ഭവന വായ്പകളുമായി ബന്ധമുണ്ടാക്കുക.എൻ.ആർ.ഇ.ജി.എസുമായി ബന്ധമുണ്ടാക്കുക. എൻ.ആർ.ഇ.ജി.എസ്. ഏകദേശം 180 കോടി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. നടപ്പുവർഷം അത് 500 കോടിയായി വളർന്നിട്ടുണ്ട്. കുടുംബശ്രീയുമായുള്ള ബന്ധവും സാദ്ധ്യമാകുന്നതാണ്.

* എൻ.ആർ.ഇ.ജി.എസിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ കേരസർക്കാർ ഒഴിവാക്കിയിരിക്കുന്നു. ഗുണപരമായ കാര്യങ്ങൾ ആവിഷ്കരിക്കുക, അഴിമതിയില്ലായ്മ, സ്ത്രീ സംവരണം എന്നിവയിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നു. കേരളത്തിൽ 7 ലക്ഷം ജനങ്ങൾ ഈ പദ്ധതിയിൽജോലി നോക്കുന്നുണ്ട്. എന്നാൽ നിർഭാഗ്യകരമായ കാര്യം അവർക്ക് മൂന്നാഴ്ചകൾക്കുശേഷമേ വേതനം ലഭിക്കുകയുള്ളൂ എന്നതാണ്. ഇത്

നിയമം അനുശാനസിക്കുന്ന സമയമല്ല. കാലതാമസം നേരിടുന്നത് നിയമാനുസൃതമല്ല. താമസിക്കുന്നതിന് മൂന്നു കേന്ദ്രങ്ങൾ ഉണ്ട്. അവ, പഞ്ചായത്ത് സെക്രട്ടറി, എഞ്ചിനീയർ, ബാങ്കുകൾ എന്നിവയാണ്. ഇതുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കേണ്ടതാണ്.

* കഴിഞ്ഞ വർഷം ഇന്ത്യാഗവൺമെന്റ് ജില്ലകളിലേക്കും പഞ്ചായത്തുകളിലേക്കും ഫണ്ട് വ്യാപരിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഫണ്ട്, സംസ്ഥാന തൊഴിൽദാന ഫണ്ടിലേക്ക് മാറ്റുകയും അവിടെനിന്ന് ഡിപ്പാർട്ട്മെന്റ് അത് പഞ്ചായത്തുകളിലേക്കും ബാങ്കുകളിലേക്കും കൊടുക്കുകയും ചെയ്തു. കർണാടക സംസ്ഥാനം സ്വയം ഫണ്ട് മാറ്റം ചെയ്യപ്പെടുന്ന സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ഇത് കേരളത്തിനും മാതൃകയാക്കാവുന്നതാണ്. ഇതിനായി മിഷൻ ഡയറക്ടർ, കമ്മീഷണർ, ഒന്നോ രണ്ടോ ബാങ്കുകളിലെ പ്രതിനിധികൾ എന്നിവരുമായി സഖ്യമുണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

* ബിസ്സിനസ്സ് കറസ്പോണ്ടന്റുമാരെ ഏർപ്പെടുത്തുന്ന സമ്പ്രദായത്തെ പരാമർശിച്ചുകൊണ്ട് ബാങ്കിംഗ് വ്യവസായം നല്ല നിലയിൽ നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെന്നും ഇവിടെ ബിസ്സിനസ്സ് കറസ്പോണ്ടന്റുമാരുടെ പ്രവർത്തന സാദ്ധ്യത പരിമിതമാണെന്നും കുറഞ്ഞത് എൻ.ആർ.ഇ.ജി.എസ്. ന്റെ കാര്യത്തിലെങ്കിലും -അദ്ദേഹം പറഞ്ഞു. 2% നാണ്യവിനിമയക്കൂലി ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ ദേശീയതലത്തിൽ ഈ പദ്ധതി മുടങ്ങിക്കിടക്കുകയാണ്.

മറ്റു തരത്തിൽ ഈ 2% എങ്ങനെ സമാഹരിക്കാൻ കഴിയുമെന്ന് ചർച്ച ചെയ്തിട്ടുണ്ട്. എസ്.ജി.എസ്.വൈ., എസ്.ജി.ആർ.വൈ. പദ്ധതിയെ ഉദ്ധരിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു. എസ്.ജി.എസ്.വൈ. യുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശകതത്വങ്ങൾ പ്രകാശനം ചെയ്തു കഴിഞ്ഞു. എസ്.ജി.എസ്.വൈ. യുടെ മാർഗ്ഗ നിർദ്ദേശകങ്ങൾ രണ്ടുമാസത്തിനകം പുറത്തിറക്കും. സംസ്ഥാനത്തിനകത്ത് അംഗീകൃത നടപടിക്രമത്തിന്റെ നടത്തിപ്പിനായി ഗ്രൂപ്പുകൾ ഉണ്ടാക്കാൻ അദ്ദേഹം എസ്.എൽ.ബി.സി. കൺവീനറോട് അഭ്യർത്ഥിച്ചു.എസ്.ജി.എസ്.വൈ., SJSRY എന്നീ രണ്ടു പദ്ധതികളും സുതാര്യമായിരിക്കേണ്ടതുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും പലിശനിരക്ക്, മൂലധനം, സബ്സിഡി എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായാൽ ആശയക്കുഴപ്പം ഒഴിവാക്കാൻ സാധിക്കും. ഒരു ഉപഭോക്താവ് ആർ.ടി.ഐ. ആക്ട് പ്രകാരം ഒരു ഹർജി ഫയൽ ചെയ്താൽ ഈ വിവരങ്ങൾ നിയമപരമായി നൽകേണ്ടതാണ്.

* ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രം (RSETI) യെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പരാമർശിച്ചു. രണ്ടു ജില്ലകളിലൊഴിച്ച് ബാക്കി ജില്ലകളിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. RSETI സ്ഥാപിക്കാനായി 7 നിർദ്ദേശങ്ങൾ വകുപ്പിന് കിട്ടിയിട്ടുണ്ട്. കെട്ടിടത്തിന്റെ രൂപരേഖയും ചിലവും ഉൾപ്പെടുത്തിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് എൻ.ഐ.ആർ.ഡി.ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ പിന്തുണയോടെയാണ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഒരു കോടിരൂപയുടെ ധനസഹായം ലഭ്യമാക്കും. ഡി.പി.ആർ.എസ്. ഉള്ള എല്ലാ ബാങ്കുകളും വിശദവിവരങ്ങൾ സമർപ്പിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ജില്ലാകളക്ടർ അടയാളപ്പെടുത്തിയ ഭൂമി RSETI. ക്ക് ഉപയോഗിക്കാനുള്ളതാണെന്നുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകി.

* കേരളസർക്കാർ പലിശനിരക്ക് ഗണ്യമായി കുറയ്ക്കാൻ തീരുമാനിച്ചു. എന്നാൽ കേരളശ്രീ ഉപഭോക്താക്കൾക്ക് 4-5 ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാകും. ഇതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. നടപ്പുവർഷം കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികൾ നവീകരിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സി.ഡി.യുടെ

പ്രവർത്തന പരിപാടി തയ്യാറാക്കാനും അതിന്റെ രൂപരേഖ മലയാളത്തിൽ തയ്യാറാക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. ഇതിനായി വില്ലേജ് തലത്തിൽ മൂല്യനിർണ്ണയ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

* എസ്.സി/എസ്.ടി . വിഭാഗങ്ങൾക്കുള്ള വായ്പാവിതരണം വളരെക്കുറവാണ്.മിക്കവാറും എസ്.സി/എസ്.ടി വായ്പകളും സർക്കാർ അധിഷ്ഠിത പദ്ധതികളിലായാണ് നടപ്പിലാക്കുന്നത്. എസ്.സി./എസ്.ടി. വായ്പാ രേഖകളിൽ വായ്പ ചിലവാക്കുന്നതിന്റെ ലക്ഷ്യം പറയേണ്ടതുണ്ട്. കേന്ദ്രസർക്കാരിന്റെ സംഘം 29.06.2009 ന് കേരളം സന്ദർശിക്കാനായി വരുന്നുണ്ട്.

* കേരളത്തിൽ ധനപരമായ രേഖകൾ വളരെ പ്രവർത്തനക്ഷമമാണ്. 7 ലക്ഷത്തിലധികം ജനങ്ങൾ എൻ.ആർ.ഇ.ജി.എസ് ഉപയോഗിക്കുന്നുണ്ട്. അവർ വലിയ തുക ഡെപ്പോസിറ്റ് നൽകി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. രണ്ട് ലക്ഷത്തോളം വരുന്ന എൻ.എച്ച്.ജി.കളിൽ അരദിവസത്തെ പരിശീലനം നൽകാൻ ഡിപ്പാർട്ട്മെന്റ് ശുപാർശ ചെയ്തു. ബാങ്കുകളുടെ പിന്തുണയോടെ നടത്തുന്ന ഇതിൽ കുടുംബശ്രീയുമായി ആർ.ബി.ഐ., എസ്.എൽ.ബി.സി. എന്നിവയുമായി ചേർത്ത് ചെറിയ മോഡ്യൂൾ വികസിപ്പിച്ചെടുത്താൽ ധനവ്യാപനത്തെക്കുറിച്ചുള്ള സന്ദേശം ജനങ്ങളിലേക്കെത്തിച്ചേരാൻ സഹായകമാവും.

**ശ്രീ. കെ.എസ്. ശ്രീനിവാസ് ഐ.എ.എസ്.**, അഡീഷണൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് പറഞ്ഞത് താഴെ വിവരിക്കുന്നു.

* കേരള ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ബോർഡ് ഫണ്ട് (KIRBF) ന് അടച്ചുതീർക്കാനുള്ള നിക്ഷേപത്തന്റെ പ്രശ്നം പരിഹരിക്കാമെന്ന് അദ്ദേഹം കഴിഞ്ഞ എസ്.എൽ.ബി.സി. യോഗത്തിൽ പറഞ്ഞത് ഒരിക്കൽ കൂടി അദ്ദേഹം ഓർമ്മിപ്പിച്ചു. ഈ പ്രശ്നം അദ്ദേഹം വ്യക്തിപരമായി ശ്രദ്ധിച്ചിട്ടുണ്ടെന്നും 30.6.09 ന് മുമ്പ് പ്രശ്നപരിഹാരം കാണുമെന്നും അദ്ദേഹം ഉറപ്പു നൽകി.

* പി.എസ്.യു. വിലേക്കുള്ള ഗവൺമെന്റ് ഉറപ്പിനെക്കുറിച്ചുള്ള പരാമർശത്തിൽ ഇതിനെക്കുറിച്ച് തനിക്ക് അറിവൊന്നും ലഭിച്ചിട്ടില്ല എന്ന് അദ്ദേഹം പറഞ്ഞു.

* എം.എസ്.എം.ഇ. സെക്ടറിലേക്ക് കൂടുതൽ വായ്പ നൽകാൻ അദ്ദേഹം ആവശ്യപ്പെട്ടു.

* പി.എം.ഇ.ജി.പി. പ്രകാരം 50 ശതമാനം അധികം വായ്പ പാസ്സായി എങ്കിലും അത് ഇതുവരെ വിതരണം നടത്തിയിട്ടില്ല. എല്ലാ ബാങ്കുകളോടും ഈ സാഹചര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

വിദ്യാഭ്യാസ വായ്പയെക്കുറിച്ചുള്ള പരാമർശത്തിൽ **ശ്രീ.കുരുവിള ജോൺ ഐ.എ.എസ്.** പ്രിൻസിപ്പൽ സെക്രട്ടറി, ഹയർ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇങ്ങനെ പറഞ്ഞു. ഉന്നതവിദ്യാഭ്യാസത്തിനായുള്ള ലോണുകൾ സാധാരണക്കാർക്ക് താങ്ങാൻ പോലും പറ്റാത്ത അവസ്ഥയിലായിരിക്കുന്നു. വിദ്യാഭ്യാസ ലോണുകൾ ഉദാരവും, കലഹസാദ്ധ്യത ഇല്ലാത്തതും, ലളിതവുമായ ചടങ്ങുകളോടും കൂടിയതും താങ്ങാവുന്ന പലിശ നിരക്കോടുകൂടിയതും ആയിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു.ഇപ്പോൾ വിദ്യാഭ്യാസ ലോണുകൾ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലാണ് വന്നുവീഴുന്നത്. ഇത് ചില പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിനാൽ വിദ്യാഭ്യാസ വായ്പ, വിദ്യാർത്ഥിയുടെ അക്കൗണ്ടിൽ തന്നെ ലഭ്യമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ലോൺ, ഫീസ് അടയ്ക്കുന്നതിനുമാത്രമല്ല, പുസ്തകം, കമ്പ്യൂട്ടർ തുടങ്ങി പഠനത്തിനാവശ്യമായ മറ്റു ചിലവുകൾക്കും ഉപയോഗപ്രദമാകേണ്ടതുണ്ട്.